പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 227 | 09.03.2015-ൽ മറുപടിക്ക്.

# കടുത്തുരുത്തിയിൽ പുതിയ പോലീസ് സ്റ്റേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ നടപ്പ് വർഷം പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഏതു ഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ; | : (എ) പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിയ്ക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ് ഒരു പഠനം നടത്തി വരികയാണ്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ച ശേഷം ആവശ്യമെങ്കിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മാഞ്ഞൂർ കേന്ദ്രമായി പോലീസ് സ്റ്റേഷൻ ആരംഭിയ്ക്കുന്ന കാര്യം പരിശോധിയ്ക്കുന്നതാണ്. |
| (ബി) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ പുതുതായി പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ആഭ്യന്തര വകുപ്പിന്റെ പക്കൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ്; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | : (ബി) ലഭിച്ചിട്ടില്ല. ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മരങ്ങാട്ടുപള്ളി പോലീസ് സ്റ്റേഷന്റെ വെഹിക്കിൾ ഷെഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് 9639/ഇ/ആഭ്യന്തരം/2015 ഫയലിൽ പി.എച്ച്.ക്യു-വിൽ നിന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് എത്രയുംവേഗം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ആസ്തി വികസന ഫണ്ട് വഴിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് പി.എച്ച്.ക്യൂ. റിപ്പോർട്ട് ആവശ്യമായിട്ടുണ്ടോ? | : (സി) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽപ്പെട്ട മരങ്ങാട്ടുപള്ളി പോലീസ് സ്റ്റേഷന്റെ നവീകരണം സംബന്ധിച്ച് പി.ഡബ്ല്യൂ.ഡി ചീഫ് എഞ്ചിനീയറിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ് പരിശോധിച്ച് പര്യാപ്തമാണോയെന്ന് അറിയിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് വകുപ്പുതലത്തിൽ പരിശോധിച്ച് കൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

2